# DIOCESE OF PUNALUR

BISHOP'S HOUSE
(LATIN CATHOLIC)

Elampal P.O. Punalur,
Post Bag No-1, 691 322,
Kollam (Dist.) Kerala, India
punalurdiocese@gmail.com
Mob: 8547677276, 7558888099
Ph: 0091-0475-2225419, 2220229 (P)


Prot. No. DP/ CC 28/25
08.03.2025

## സർക്കുലർ - 28

നോമ്പുകാല സന്ദേശം

" ശുശ്രൂഷിക്കാനും പങ്കുവയ്ക്കാനും **പ്രത്യാശ**യോടെ യാത്ര ചെയ്യാം "

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാനിതരായ വൈദികരെ, സന്ന്യസ്തരെ, ഉപദേശിമാരെ, രൂപതാ അജപാലനസമിതി അംഗങ്ങളെ, ബി.ഇ.സി. (ബി.സി.സി) ലീഡേഴ്സ്, പ്രിയദൈവമക്കളെ,

1. ഏവർക്കും തപസ്സുകാലത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു. നമ്മുടെ കർത്താവായ യേശുവിന്റെ ജനനത്തിന്റെ ജൂബിലി ആചരിക്കുന്ന വർഷത്തിന്റെ പശ്ചാത്തലത്തിലാണല്ലോ നാമെല്ലാവരും തപസ്സുകാലത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. ഈ ജൂബിലിവർഷം സഭ വളരെ പ്രാധാന്യത്തോടെ ധ്യാനിക്കുന്ന വിഷയം **പ്രത്യാശ**യാണ്. നൂറ്റാണ്ടുകളുടെ പ്രതീക്ഷയോടുള്ള കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമായിട്ടാണല്ലോ നമ്മുടെ നാഥൻ ഈ ഭൂമിയിൽ അവതരിച്ചത്. മനുഷ്യവതാരരഹസ്യം പൂർത്തിയായത് അവിടുത്തെ പീഢാനുഭവത്തോടും കുരിശുമരണത്തോടും ഉത്ഥാനത്തോടും കൂടെയാണ്. ഈ ദിവ്യരഹസ്യങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ ധ്യാനമായിരിക്കണം ജൂബിലിയും തപസ്സുകാലവും ഒന്നിച്ചെത്തുന്ന ഈ പുണ്യദിനങ്ങൾ. തീക്ഷ്ണമായ പ്രാർത്ഥനയും പ്രാർത്ഥനാപൂർവ്വമായ ഉപവാസവും ഉപവാസാനന്തര പുണ്യപ്രവർത്തികളും ചേർന്ന് തപസ്സുകാലത്തിന്റെ കൃപകൾ സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം.

2. ഇതോടൊപ്പം ഈ തപസ്സുകാലത്ത് നമ്മുടെ കുടുംബങ്ങളും ബി.ഇ.സി. സംഗമങ്ങളും ഇടവകകളും അടിയന്തിരമായി ചർച്ച ചെയ്യേണ്ട ഒരുകാര്യം ഗൗരവത്തോടെ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്യപാന - പുകയില - രാസലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും അങ്ങേയറ്റം ആശങ്കാജനകമാണ്. ശാസ്ത്രസാങ്കേതികരംഗവും സാമൂഹ്യമാധ്യമങ്ങളടക്കം വിവരസാങ്കേതികവിദ്യയും അനുദിനം വലിയ മാറ്റങ്ങൾക്ക് വിധേയമാകുന്നുവെങ്കിലും, നമ്മുടെ ബന്ധങ്ങളുടെ ദൃഢത വർധിക്കുന്നില്ല. കുടുംബത്തിനകത്ത് ഒന്നിച്ചു കഴിയുന്നവർപോലും പരസ്പരം വൈഷമ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിയുന്നില്ല. കുടുംബങ്ങളിൽ പ്രാർത്ഥനാന്തരീക്ഷം വർധിപ്പിക്കുകയും പരസ്പരബന്ധം ശക്തമാക്കുകയും ചെയ്യുക എന്നതുമാത്രമാണ് ഇതിനുള്ള പോംവഴി. സന്ധ്യാസമയത്തു ചൊല്ലുന്ന ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം പ്രത്യേകം പറയേണ്ടതില്ലല്ലോ! അതോടൊപ്പം കൂട്ടായ്മകൾ കാര്യക്ഷമമാക്കണമെന്നും ഏവരേയും ഓർമ്മിപ്പിക്കുന്നു.

3. **തപസ്സുകാലം** സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധത പുതുക്കേണ്ട അവസരമാണ്. ഭാരതമെത്രാൻസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യശുശ്രൂഷാ വിഭാഗമാണ് കാരിത്താസ് ഇന്ത്യ. ഭാരതകത്തോലിക്ക സഭയിലെ എല്ലാ സാമൂഹ്യപ്രവർത്തനങ്ങളുടെയും

ഏകോപന സമിതിയാണിത്. രാജ്യത്തിനകത്തും പുറത്തും കാരിത്താസ് ഇന്ത്യ നടത്തുന്ന സാമൂഹ്യ ഇടപെടലുകൾ ശ്ലാഘനീയമാണ്. ക്രൈസ്തവമനോഭാവത്തോടെയുള്ള ഇടപെടലുകളിൽ സ്ത്രീകളും കുട്ടികളും ഭിന്നശേഷി വിഭാഗത്തിൽപെടുന്നവരും പാവപ്പെട്ടവരും സമൂഹത്തിലെ എല്ലാമേഖലകളിലുള്ളവരും ഉൾപ്പെടുന്നു. കാരിത്താസ് ഇന്ത്യ അതിന്റെ പ്രവർത്തനങ്ങൾക്കുള്ള തുക സമാഹരിക്കുന്നത് പ്രധാനമായും തപസ്സുകാലത്ത് സംഘടിപ്പിക്കുന്ന ലെന്റൻ ക്യാംപയിനിലൂടെയാണ്. ഈ വർഷം തപസ്സുകാലത്തെ അഞ്ചാംഞായറായ ഏപ്രിൽ 6-ാംതീയതിയാണ് ലെന്റൻ ക്യാംപയിൻ ദിനമായി ആചരിക്കുന്നത്. "**പ്രത്യാശയുടെ യാത്ര; ശുശ്രൂഷക്കായി പങ്കുവെക്കാം**" എന്ന സന്ദേശവുമായാണ് കാരിത്താസ് ഇന്ത്യ ലെന്റൻ ക്യാംപയിൻ ദിനത്തിൽ നമ്മെ സമീപിക്കുന്നത്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങളിൽ പ്രാദേശിക സഭയായ പുനലൂർ രൂപതയും പൂർണ്ണമായും സഹകരിക്കേണ്ടതുണ്ട്.

4. മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും ഉപവി പ്രവർത്തനങ്ങൾക്കായി നമ്മുടെ സമ്പത്തിന്റെ വിഹിതം മാറ്റിവക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. നമ്മുടെ രൂപതയിലെ കൂട്ടായ്മയുടെ ഭവനപദ്ധതി പലർക്കും ഭവനങ്ങൾ നിർമ്മിക്കുന്നതിന് സഹായകമായിട്ടുണ്ട്. എല്ലാവർഷവും പെസഹാവ്യാഴാഴ്ച്ച ലഭിക്കുന്ന സ്തോത്രക്കാഴ്ചയാണ് പ്രധാനമായും കൂട്ടായ്മയുടെ ഭവനപദ്ധതിക്കായി മാറ്റിവയ്ക്കുന്നത്. കഴിഞ്ഞവർഷം സമാഹരിച്ചതുക പുലിമേൽ, ഏനാത്ത്, പത്തനാപുരം ഇടവകകളിലെ മൂന്ന് ഭവനങ്ങളുടെ നിർമ്മാണത്തിന് സഹായിക്കാൻ സാധിച്ചിട്ടുണ്ട്. ഏവർക്കും അറിയാവുന്നതുപോലെ ഇനിയും ധാരാളം ഭവനങ്ങളുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം ആവശ്യമാണ്. നമ്മുടെ രൂപത അതിന്റെ നാല്പതാം വർഷത്തിലേക്ക് കടക്കുമ്പോൾ ഇപ്പോഴും നമ്മുടെ ജനങ്ങൾ കുടിലുകളിൽ കഴിയേണ്ടി വരുന്നത് ഉചിതമല്ല. ആയതിനാൽ കർത്താവ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി ശുശ്രൂഷയുടെ വലിയ പാഠം പഠിപ്പിക്കുന്ന പെസഹാ വ്യാഴാഴ്ചയിലെ സ്തോത്രക്കാഴ്ച ഔദാര്യപൂർവം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അനുഗ്രഹപ്രദമായ നല്ലൊരു തപസ്സുകാലം ഏവർക്കും ആശംസിക്കുന്നു!

പൈതൃകാശീർവാദത്തോടെ

നിങ്ങളുടെ എളിയ സഹോദരൻ

+ Fr. P. Sylvester

✠ സെൽവിസ്റ്റർ പൊന്നുമുത്തൻ
പുനലൂർ രൂപത മെത്രാൻ

Rt. Rev. Dr. Selvister Ponnumuthan
Bishop of Punalur

DIOCESE OF PUNALUR
PIN : 691 322
PUNALUR

NB:

1. ഈ സർക്കുലർ 2025 മാർച്ച് 9-ാം തീയതി ഞായറാഴ്ച ദിവ്യബലിയോടനുബന്ധിച്ച് വായിക്കേണ്ടതാണ്.

2. തിരുകർമ്മങ്ങളിൽനിന്നും സമാഹരിക്കുന്ന തുക പുനലൂർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുകയോ ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. ബാങ്ക്വഴി അയക്കുന്ന തുകയും അനുബന്ധദേവാലയത്തിന്റെ വിവരങ്ങളും ഏത് ദിവസത്തെ എത്രതുക തുടങ്ങിയ വിവരങ്ങളും തുക അടച്ചതിനുശേഷം പി.എസ്സ്.എസ്സ്.എസ്സ്.-ൽ വൈദികരെ അറിയിക്കേണ്ടതാണ്. ഏൽപ്പിക്കുന്ന മുഴുവൻ തുകയുടെയും വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ബാങ്ക്വിവരങ്ങൾ:

തപസ്സുകാലത്തെ അഞ്ചാമത്തെ ഞായറാഴ്ച്ചയിലെയും (ലെന്റൻ ക്യാംപയിൻ) പെസഹാവ്യാഴാഴ്ചയിലെയും കാണിക്കകൾ അയക്കേണ്ട അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| Bank Account Name | : Punalur Social Service Society |
| Bank Account Number | : 57029294235 |
| Name of Bank | : State Bank of India |
| IFSC Code | : SBIN0070059 |

ദുഃഖവെള്ളിയാഴ്ച്ചയിലെ കുരിശാരാധന സമയത്ത് ലഭിക്കുന്ന കാണിക്കകൾ അയക്കേണ്ട അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| Bank Account Name | : DIOCESE OF PUNALUR |
| Bank Account Number | : 10280100409685 |
| Name of Bank | : FEDERAL BANK, PUNALUR (Branch) |
| IFSC Code | : FDRL0001028 |